**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1165** **18-09-2025 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം മലമ്പുഴ പഞ്ചായത്തിലെ കവ, ആനക്കൽ, തെക്കേ മലമ്പുഴ എന്നീ പ്രദേശങ്ങളിലേക്ക് കുടിവെള്ള കണക്ഷൻ എത്തിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ മലമ്പുഴ പഞ്ചായത്തിലെ കവ, ആനക്കൽ, തെക്കേ മലമ്പുഴ എന്നീ പ്രദേശങ്ങൾക്കുവേണ്ടി 3 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണിയും അതിലേക്കുള്ള പൈപ്പ് ലൈനും പമ്പ് സെറ്റും, 52 കിലോ മീറ്റർ വിതരണ ശൃംഖല സ്ഥാപിക്കലും 814 കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തികളുമാണുള്ളത്.<br><br>വിതരണ ശൃംഖല സ്ഥാപിക്കുകയും, കുടിവെള്ള കണക്ഷൻ നൽകുകയും ചെയ്യുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു (52 കി.മീ വിതരണ ശൃംഖല സ്ഥാപിക്കാനുള്ളതിൽ 49 കി.മീ സ്ഥാപിച്ചിട്ടുണ്ട്). 3 ലക്ഷം ലിറ്റർ ജലസംഭരണിയും അതിലേക്കുള്ള പൈപ്പ് ലൈനും പമ്പ് സെറ്റും ഉൾപ്പെടുന്ന പ്രവൃത്തി ടെൻഡർ ഘട്ടത്തിലാണ്. |
| (ബി) | മലമ്പുഴയിലേക്കും സമീപ പ്രദേശങ്ങളിലേക്കും ജലവിതരണം നടത്തുന്നതിനായി മലമ്പുഴയിൽ 3 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണി നിർമ്മിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | മലമ്പുഴ പഞ്ചായത്തിലെ സോൺ II - കവ, ആനക്കൽ, തെക്കേ മലമ്പുഴ എന്നീ പ്രദേശങ്ങൾക്കുവേണ്ടി 3 ലക്ഷം ലിറ്റർ ജലസംഭരണി, പമ്പിംഗ് മെയിൻ എന്നിവ ഉൾപ്പെടുന്ന പ്രവൃത്തിയുടെ 3-ാം ടെൻഡറിൽ പങ്കെടുത്ത കരാറുകാരൻ എസ്റ്റിമേറ്റ് തുകയേക്കാൾ 27% അധികരിച്ച തുകയാണ് ക്വാട്ട് ചെയ്തിട്ടുള്ളത്.<br><br>ക്വാട്ട് ചെയ്ത തുക നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങളേക്കാൾ കൂടുതൽ ആയതിനാൽ പ്രസ്തുത ടെൻഡർ അനുമതിക്കായി സർക്കാരിലേക്ക് നൽകുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ